




എ.വൈ.ആർ


സൂറ-17

# അൽ ഇസ്റാഅ്

83. മനുഷ്യനു നാം അനുഗ്രഹമരുളുമ്പോൾ അവൻ ഗർവിഷ്ഠനായി നമ്മെ അവഗണിച്ചു തള്ളുന്നു. ആപത്തണഞ്ഞാലോ അവൻ തീരെ നിരാശനായിപ്പരിണമിക്കുന്നു.

وَإِذَآ أَنْعَمْنَا عَلَى ٱلْإِنسَٰنِ أَعْرَضَ وَنَـَٔا بِجَانِبِهِۦ ۖ وَإِذَا مَسَّهُ ٱلشَّرُّ كَانَ يَـُٔوسًا ﴿٨٣﴾

84. പ്രവാചകൻ അവരോടുപറയുക: ഓരോ വിഭാഗവും അവരവരുടെ രീതിയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. സന്മാർഗ സ്ഥരാരെന്ന് ശരിയായറിയുന്നത് നിങ്ങളുടെ വിധാതാവു മാത്രമാകുന്നു.

قُلْ كُلٌّ يَعْمَلُ عَلَىٰ شَاكِلَتِهِۦ فَرَبُّكُمْ أَعْلَمُ بِمَنْ هُوَ أَهْدَىٰ سَبِيلًا ﴿٨٤﴾

85. ഈ ജനം നിന്നോട് റൂഹിനെക്കുറിച്ചു ചോദിക്കുന്നുവല്ലോ. അവരോടു പറയുക: റൂഹ് എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു. ജ്ഞാനത്തിൽനിന്ന് തുഛമായതേ നിങ്ങൾക്ക് ലഭിച്ചിട്ടുള്ളൂ.

وَيَسْـَٔلُونَكَ عَنِ ٱلرُّوحِ ۖ قُلِ ٱلرُّوحُ مِنْ أَمْرِ رَبِّى وَمَآ أُوتِيتُم مِّنَ ٱلْعِلْمِ إِلَّا قَلِيلًا ﴿٨٥﴾

86. നാം ഉദ്ദേശിച്ചെങ്കിൽ നിന്നെ ബോധനം ചെയ്തിട്ടുള്ളതൊക്കെയും പോക്കിക്കളയുക തന്നെ ചെയ്യും. പിന്നെ നമുക്കെതിരെ അതു തിരിച്ചുകൊണ്ടുവന്നു തരുവാൻ കഴിയുന്ന ഒരു രക്ഷകനെയും നീ കണ്ടെത്തുകയില്ല.

وَلَئِن شِئْنَا لَنَذْهَبَنَّ بِٱلَّذِىٓ أَوْحَيْنَآ إِلَيْكَ ثُمَّ لَا تَجِدُ لَكَ بِهِۦ عَلَيْنَا وَكِيلًا ﴿٨٦﴾

87. നിനക്കു ലഭിച്ചിട്ടുള്ളതെല്ലാം വിധാതാവിന്റെ കൃപയാൽ മാത്രം ലഭിച്ചതാകുന്നു. അവൻ നിനക്കു ചെയ്ത ഔദാര്യം തീർച്ചയായും വളരെ വലുതാകുന്നു.

إِلَّا رَحْمَةً مِّن رَّبِّكَ ۚ إِنَّ فَضْلَهُۥ كَانَ عَلَيْكَ كَبِيرًا ﴿٨٧﴾

88. പ്രവാചകൻ ജനത്തോടു പറയുക: ഈ ഖുർ ആൻ പോലൊന്ന് അവതരിപ്പിക്കാൻ മനുഷ്യരും ജിന്നുകളും ഒന്നിച്ചു ശ്രമിച്ചാലും അതു പോലൊന്നവതരിപ്പിക്കാൻ കഴിയില്ല-അവർ പരസ്പരം സഹായിച്ചു പ്രവർത്തിച്ചാലും.

قُل لَّئِنِ ٱجْتَمَعَتِ ٱلْإِنسُ وَٱلْجِنُّ عَلَىٰٓ أَن يَأْتُوا۟ بِمِثْلِ هَٰذَا ٱلْقُرْءَانِ لَا يَأْتُونَ بِمِثْلِهِۦ وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا ﴿٨٨﴾

അവൻ(നമ്മെ) അവഗണിച്ചു (തള്ളുന്നു) = أَعْرَضَ മനുഷ്യന്റെ മേൽ = عَلَى ٱلْإِنسَـٰنِ നാം അനുഗ്രഹമരുളിയാൽ =وَإِذَآ أَنْعَمْنَا
അവന്റെ വശംകൊണ്ട് അകലുകയും ചെയ്തു(ഗർവിഷ്ഠനായി) = وَنَـَٔا بِجَانِبِهِۦ ۖ
തിന്മ(ആപത്ത്) = ٱلشَّرُّ അവനെ സ്പർശിച്ചാൽ(അണഞ്ഞാലോ) = وَإِذَا مَسَّهُ
നീ (പ്രവാചകൻ അവരോട്) പറയുക = قُلْ അവൻ നിരാശനായി(പരിണമിക്കുന്നു) =كَانَ يَـُٔوسًا
അവന്റെ (അവരവരുടെ) രീതിയിന്മേൽ = عَلَىٰ شَاكِلَتِهِۦ പ്രവർത്തിക്കുന്നു = يَعْمَلُ എല്ലാം (ഓരോ വിഭാഗവും) = كُلٌّ
ആരെന്ന് = بِمَنْ ഏറ്റം (ശരിയായി) അറിയുന്ന(ത്)വൻ = أَعْلَمُ നിങ്ങളുടെ വിധാതാവ് (മാത്രം) ആകുന്നു = فَرَبُّكُمْ
മാർഗത്താൽ ഏറ്റം നല്ലവൻ(സന്മാർഗസ്ഥൻ) = أَهْدَىٰ سَبِيلًا അവൻ = هُوَ
നീ (അവരോട്) പറയുക = قُلِ റൂഹിനെക്കുറിച്ച് = عَنِ ٱلرُّوحِ ۖ അവർ (ജനം) നിന്നോട് ചോദിക്കുന്നുവല്ലോ = وَيَسْـَٔلُونَكَ
എന്റെ നാഥന്റെ കാര്യത്തിൽ പെട്ടതാകുന്നു = مِنْ أَمْرِ رَبِّى റൂഹ് = ٱلرُّوحُ
ജ്ഞാനത്താൽ, ത്തിൽ നിന്ന് = مِّنَ ٱلْعِلْمِ നിങ്ങൾ നൽകപ്പെട്ടിട്ടില്ല (ലഭിച്ചിട്ടുള്ളൂ) = وَمَآ أُوتِيتُم
നാം പോക്കിക്കളയുകതന്നെ ചെയ്യും = لَنَذْهَبَنَّ നാം ഉദ്ദേശിച്ചെങ്കിൽ = وَلَئِن شِئْنَا തുഛമായ(തേ)തല്ലാതെ = إِلَّا قَلِيلًا
നാം നിനക്ക് ദിവ്യബോധനം ചെയ്തിട്ടുള്ളത് (ഒക്കെയും) = بِٱلَّذِىٓ أَوْحَيْنَآ إِلَيْكَ
പിന്നെ നിനക്കു നീ കണ്ടെത്തുകയില്ല = ثُمَّ لَا تَجِدُ لَكَ
അതുകൊണ്ട് (അത് തിരിച്ചുകൊണ്ടുവന്നു തരുവാൻ കഴിയുന്ന) = بِهِۦ
നമ്മുടെ മേൽ (നമുക്കെതിരായി) =عَلَيْنَا
നിന്റെ നാഥനിൽ നിന്നുള്ള കൃപയൊഴിച്ച് = إِلَّا رَحْمَةً مِّن رَّبِّكَ ۚ വക്കീലിനെ (ഒരു രക്ഷനെയും) =وَكِيلًا
(നിനക്ക് ലഭിച്ചിട്ടുള്ളതെല്ലാം വിധാതാവിന്റെ കൃപയാൽ മാത്രം ലഭിച്ചതാകുന്നു)
നിന്റെ മേൽ ആയി (നിനക്ക്) = كَانَ عَلَيْكَ തീർച്ചയായും അവന്റെ(വൻ ചെയ്ത)ഔദാര്യം =إِنَّ فَضْلَهُۥ
നീ (പ്രവാചകൻ ജനത്തോടു) പറയുക = قُل (വളരെ) വലുതാകുന്നു =كَبِيرًا
മനുഷ്യരും ജിന്നും = ٱلْإِنسُ وَٱلْجِنُّ സംഘടിച്ചെങ്കിൽ (ഒന്നിച്ചു ശ്രമിച്ചാലും) =لَّئِنِ ٱجْتَمَعَتِ
അവർ കൊണ്ടുവരുന്നതിന്മേൽ (അവതരിപ്പിക്കാൻ) =عَلَىٰٓ أَن يَأْتُوا۟
ഈ ഖുർആനിന്ന് തുല്യമായത് (പോലൊന്ന്) = بِمِثْلِ هَـٰذَا ٱلْقُرْءَانِ
അതിനു തുല്യമായത് (അതുപോലൊന്ന്) =بِمِثْلِهِۦ അവർ കൊണ്ടുവരില്ല (അവതരിപ്പിക്കാൻ കഴിയില്ല) = لَا يَأْتُونَ
അവരിൽ ചിലർ ചിലർക്ക് സഹായി ആയിരുന്നാലും (പരസ്പരം സഹായിച്ചാലും) = وَلَوْ كَانَ بَعْضُهُمْ لِبَعْضٍ ظَهِيرًا

**83.** الإنسان-ൽ എല്ലാ മനുഷ്യരും ഉൾപ്പെടുന്നു. ദൈവ വിചാരമില്ലാത്തവരിൽ പൊതുവായി കാണപ്പെടുന്ന സ്വഭാവത്തെക്കുറിച്ചാണ് പറയുന്നത്. പ്രവാചകനെ എതിർക്കുന്ന ഗർവിഷ്ഠരായ ഖുറൈശികളെ സന്ദർഭം പ്രത്യേകം സൂചിപ്പിക്കുന്നുണ്ട്. ഇവിടെ അനുഗ്രഹം കൊണ്ടുദ്ദേശിക്കുന്നത് ഭൗതികമായ നേട്ടങ്ങളല്ല, ആത്മീയവും ധാർമികവുമായ അനുഗ്രഹമാണ്. പ്രവാചക നിയോഗവും ഖുർആനിന്റെ അവതരണവും യഥാർഥത്തിൽ അല്ലാഹു ഖുറൈശികൾക്കരുളിയ അനുഗ്രഹങ്ങളാണ്. മറ്റുപല മൂഢ ജനങ്ങളെയുംപോലെ അവഗണനയുടെയും നിഷേധത്തിന്റെയും സമീപനമാണ് അവരും അതിനോട് കൈക്കൊണ്ടത്. أَعْرَضَ وَنَـَٔا بِجَانِبِهِۦ ۖ എന്നാണ് മൂലവാക്യം. അവഗണന ന്യായമായതും നീചമായതുമുണ്ട്. അവഗണിച്ചുകൂടാത്തതും പ്രാധാന്യത്തോടെ പരിഗണിക്കേണ്ടതുമായ സംഗതിയെ ധാർഷ്ട്യത്തോടെ പുഛിച്ചുതള്ളുന്നത് നീചമായ അവഗണനയാണ്. ഈ ആശയം അവതരിപ്പിക്കുന്ന പ്രയോഗമായിട്ടാണ് أَعْرَضَ ക്കുശേഷം وَنَـَٔا بِجَانِبِهِۦ ۖ എന്നു ചേർത്തത്. അകൽച്ചയും തിരിച്ചിലുമാണ് نأى. അതിൽ നിന്നുള്ള ഭൂതകാലക്രിയ نأى . വശമാണ് جانب. ഒരു സംഗതിയെ പുഛിച്ചുതള്ളുന്നവർ അതിനെ അഭിമുഖീകരിക്കാൻ കൂട്ടാക്കാതെ പുറംതിരിയുന്നതിനെ ആസ്പദമാക്കിയുള്ളതാണീ പ്രയോഗം.

അല്ലാഹു അനുഗ്രഹവും ഔദാര്യവും നൽകുമ്പോൾ അവനോട് ധിക്കാരവും ധാർഷ്ട്യവും പ്രകടിപ്പിക്കുന്ന മനുഷ്യന്റെ നിലപാട് വിചിത്രം തന്നെ. പക്ഷേ, ഈ നിലപാടിന്റെ ഫലമായി അല്ലാഹു അവന് ആപത്തണക്കുമ്പോൾ അവൻ വ്യഥയുടെയും നൈരാശ്യത്തിന്റെയും കയത്തിൽ മുങ്ങുന്നു. മനുഷ്യൻ സ്വീകരിക്കേണ്ടിയിരുന്ന ശരിയായ നിലപാട് അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ കൈകൊണ്ട് അവനോട് നന്ദിയുള്ളവരായിരിക്കുകയും ജീവിതത്തിൽ നേരിടേണ്ടിവരുന്ന പരീക്ഷണങ്ങൾ ക്ഷമയോടെ തരണം ചെയ്യുകയുമായിരുന്നു.

**84.** كُلٌّ ന്റെ വാക്കർഥം എല്ലാം, സകലം എന്നാണ്. എല്ലാ മതസമൂഹങ്ങളെയും ആദർശ പ്രസ്ഥാനങ്ങളെയുമാണ് ഉദ്ദേശിക്കുന്നത്. സൂക്തത്തിന്റെ അവതരണ സന്ദർഭത്തിൽ പ്രസ

ക്തമായത് വിഗ്രഹവിശ്വാസികളും മുസ്‌ലിംകളുമാണ്. രീതിയും മാർഗവും സ്വഭാവവും പ്രകൃതിയും സമ്പ്രദായവുമൊക്കെയാണ് شاكلة. സൂക്തസാരമിതാണ്: പ്രവാചകൻ അവരെ അറിയിച്ചേക്കുക. നിങ്ങൾ എന്നിൽ വിശ്വസിക്കാൻ തയാറില്ലെങ്കിൽ സ്വന്തം വിശ്വാസങ്ങളും തീരുമാനങ്ങളുമനുസരിച്ച് പ്രവർത്തിച്ചുകൊള്ളുക. ഞാനെന്തായാലും എന്റെ നിലപാടിൽതന്നെ ഉറച്ചുനിന്നു പ്രവർത്തിക്കും. നമ്മിലാരാണ് ശരിയെന്ന് നാം രണ്ടു കക്ഷികളുടെയും വിധാതാവായ അല്ലാഹുവിന്ന് നല്ലവണ്ണമറിയാം. ഭാവി ചരിത്രത്തിലൂടെ അവനതു നമ്മെയും അറിയിക്കുന്നുണ്ട്. പ്രവാചകനോട് ഇപ്രകാരം പ്രഖ്യാപിക്കാൻ കൽപിക്കുന്നതിൽ, സ്വന്തം ആദർശ വിശ്വാസങ്ങൾ മുറുകെപിടിച്ചു മുന്നേറാൻ പ്രവാചകനോടുള്ള ആഹ്വാനവും അന്തർലീനമാണ്.

**85.** ഇവിടം മുതൽ അവിശ്വാസികൾ പ്രവാചകനു നേരെ ഉന്നയിച്ചിരുന്ന ചില വിമർശനങ്ങളെയും ചോദ്യങ്ങളെയും സംബന്ധിച്ചാണ് പറയുന്നത്. പല തരത്തിലുള്ള ചോദ്യങ്ങളാണ് അവരുന്നയിച്ചിരുന്നത്. അവക്ക് ശരിയായ വിശദീകരണം ലഭിക്കുന്നത് തങ്ങൾ പ്രവാചകനിൽ വിശ്വസിക്കാനുള്ള ഉപാധിയാണ് എന്ന ഭാവത്തിലാണ് അതുന്നയിച്ചിരുന്നതെങ്കിലും പ്രവാചകനെ എങ്ങനെയെങ്കിലും ഉത്തരം മുട്ടിക്കുകയും അദ്ദേഹം നൽകുന്ന വിശദീകരണത്തിൽനിന്ന് കൂടുതൽ വിമർശിക്കാനുള്ള വക കണ്ടെത്തുകയുമായിരുന്നു യഥാർഥ ഉദ്ദേശ്യം. അതുകൊണ്ട് മാനുഷിക കഴിവിന്നും ജ്ഞാനത്തിനും അതീതമായ കാര്യങ്ങളാണ് പലപ്പോഴും അവർ ചോദിച്ചത്. അക്കൂട്ടത്തിലൊന്നാണ് റൂഹിന്റെ യാഥാർഥ്യത്തെക്കുറിച്ചുള്ള ചോദ്യം.

ഹീബ്രുവിലെ 'റുവ'യാണ് മറ്റു സെമിറ്റിക് ഭാഷകളിലെ റൂഹ. അറബിയിൽ അത് റൂഹ് ആണ്. ആത്മാവ്, ജീവൻ, ചൈതന്യം, കാറ്റ്, ശ്വാസം തുടങ്ങിയ പ്രതിഭാസങ്ങൾക്കെല്ലാം റൂഹ് എന്ന്പറയും. ക്രൈസ്തവ വൈദിക ഭാഷയിൽ 'ദൈവത്തിന്റെ സക്രിയമായ ചൈതന്യമാണ് റൂഹ. അതിനെ ദൈവാത്മാവ് എന്നും വിളിക്കുന്നു. യേശുവിലേക്ക് പ്രാവിന്റെ രൂപത്തിൽ ദൈവാത്മാവ് ഇറങ്ങിവന്നു എന്നാണ് പൗലോസിന്റെ സങ്കൽപം. ദൈവത്തിന്റെ ആത്മാവും ക്രിസ്തുവിന്റെ ആത്മാവും ഒന്നു തന്നെ'യാണ്. അതിനാൽ ക്രിസ്തു ദൈവമാകുന്നു. ഈ ദൈവാത്മാവ് എന്ന സങ്കൽപം ഇസ്‌ലാമിനന്യമാണ്. ദൈവം അഖണ്ഡവും അവിഭാജ്യവുമായ ഏക സത്തയാണ്. അവന്ന് ആത്മാവ്, ജഡം എന്നിങ്ങനെ വ്യത്യസ്ത ഘടകങ്ങളില്ല. അവന്റെ ആത്മാവ് പലരിലായി വിഭജിക്കപ്പെടുക അസംഭവ്യമാണ്.

ഇപ്പറഞ്ഞ റൂഹ് അല്ല ഇവിടെ ഉദ്ദേശിച്ചിട്ടുള്ളത് എന്ന കാര്യത്തിൽ തർക്കമില്ല. പൂർവികരും ആധുനികരുമായ മിക്ക ഖുർആൻ വ്യാഖ്യാതാക്കളുടെയും ദൃഷ്ടിയിൽ ഖുറൈശികൾ ചോദിക്കുന്നതും ഖുർആൻ മറുപടി പറയുന്നതും ജീവാത്മാവിനെ കുറിച്ചാണ്. ആത്മാവ് എന്താണ്, അത് എവിടെ നിന്ന് എങ്ങനെ വരുന്നു എന്നാണ് ചോദ്യം. നിങ്ങളുടെ പരിമിത ജ്ഞാനത്തിന് ഉൾക്കൊള്ളാനാവാത്തതാണ് ആത്മാവിന്റെ യാഥാർഥ്യമെന്ന് മറുപടിയും. ഇന്ദ്രിയങ്ങൾക്കതീതമായ അതിഭൗതിക പ്രതിഭാസമാണ് ആത്മാവ്. അതിഭൗതികമായത് ഭൗതിക മനുഷ്യനെ സംബന്ധിച്ചേടത്തോളം അജ്ഞേയമാണ്. അത്തരം പ്രതിഭാസങ്ങളെ അടയാളങ്ങളിലൂടെ മാത്രമേ മനുഷ്യന് അനുഭവിക്കാനാവൂ. അക്കൂട്ടത്തിൽപെട്ട അലൗകികമായ ഒരു ആത്മനിഷ്ഠ അനുഭവമാണ് ആത്മാവ്. ആത്മാവിനെ നാം അനുഭവിക്കുന്നു. എന്നാൽ, അതിന്റെ സത്തയെ തൊട്ടറിയാനോ വരച്ചുകാണിക്കാനോ വിവരിക്കാനോ നമുക്കാവില്ല. കാരണം, അത് അല്ലാഹുവിന്റെ മാത്രം അറിവിലും കഴിവിലും അധികാരത്തിലുംപെട്ട അഭൗതികമായ സംഗതിയാണ്. അത്തരം സംഗതികൾ സംവേദനം ചെയ്യാൻ പര്യാപ്തമായ ജ്ഞാനശേഷി മനുഷ്യനില്ല.

അല്ലാഹു പ്രവാചകർക്കയക്കുന്ന ദിവ്യസന്ദേശത്തെക്കുറിച്ചാണ് ഇവിടെ അവിശ്വാസികൾ ചോദിക്കുന്നതും ഖുർആൻ പറയുന്നതും എന്നാണ് മറ്റൊരു വ്യാഖ്യാനം. ഈ വാദത്തിനും പ്രബലമായ ന്യായങ്ങളുണ്ട്. തൊട്ടുമുമ്പ് സംസാരിച്ചത് ദിവ്യസന്ദേശമായ ഖുർആനിനെക്കുറിച്ചാണ്. തുടർന്ന് ഈ ദിവ്യസന്ദേശം ആര് എങ്ങനെയാണ് കൊണ്ടുവന്നതെന്നു ചോദിക്കുകയാണവർ. ശാരീരിക ജീവിതത്തിന് 'ജീവൻ' അനിവാര്യമായതുപോലെ വഹ്‌യ്-ദിവ്യസന്ദേശം-മനസ്സിന്റെയും ബുദ്ധിയുടെയും ജീവിതത്തിന് അനിവാര്യമായ സംഗതിയാണ് എന്ന സൂചനയുൾക്കൊള്ളുന്നുണ്ട് വഹ്‌യിനെ റൂഹ് എന്ന് വ്യവഹരിക്കുന്നതിൽ. ഈസാ(അ) ഇതെക്കുറിച്ചു പറയുന്നു: 'മനുഷ്യൻ അപ്പം കൊണ്ട് മാത്രമല്ല ജീവിക്കുന്നത്, പ്രത്യുത ദൈവത്തിങ്കൽ നിന്നരുളപ്പെട്ട വചനങ്ങൾകൊണ്ട് ജീവിക്കുന്നു.' ഈയൊരിടത്തു മാത്രമല്ല, വേറെയും പല സ്ഥലങ്ങളിൽ ഖുർആൻ ദിവ്യസന്ദേശത്തെ 'റൂഹ്' എന്നു വ്യവഹരിക്കുന്നുണ്ട്. يُنَزِّلُ ٱلْمَلَٰٓئِكَةَ بِٱلرُّوحِ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦٓ (മലക്കുകളെ അവന്റെ കാര്യത്തിൽപെട്ട റൂഹുമായി അവനുദ്ദേശിക്കുന്ന ദാസന്മാരിലിറക്കുന്നു-16:2).

يُلْقِى ٱلرُّوحَ مِنْ أَمْرِهِۦ عَلَىٰ مَن يَشَآءُ مِنْ عِبَادِهِۦ لِيُنذِرَ يَوْمَ ٱلتَّلَاقِ (തന്റെ ദാസന്മാരിൽ താനിച്ഛിക്കുന്നവരിൽ അവൻ തന്റെ കാര്യത്തിൽ നിന്നുള്ള റൂഹ് നിക്ഷേപിക്കുന്നു; അവൻ ജനങ്ങൾക്ക് സമാഗമ ദിനത്തെക്കുറിച്ചു മുന്നറിയിപ്പു നൽകാൻ -40:15). وَكَذَٰلِكَ أَوْحَيْنَآ إِلَيْكَ رُوحًا مِّنْ أَمْرِنَا (അപ്രകാരം നമ്മുടെ കാര്യത്തിൽപെട്ട ഒരു റൂഹ് നിന്നിലേക്കും ബോധനം ചെയ്തിരിക്കുന്നു-42:52).

ഇപ്പറഞ്ഞ റൂഹിനെക്കുറിച്ചാണ് അവിശ്വാസികൾ ചോദിക്കുന്നത്; ദൈവത്തിങ്കൽനിന്ന് തന്നിലേക്കിറങ്ങുന്നുവെന്ന് താൻ അവകാശപ്പെടുന്ന ഈ ദിവ്യസന്ദേശം എന്നുപറയുന്നതെന്താണ്? അതിന്റെ യാഥാർഥ്യം ഞങ്ങൾക്കും ഒന്നു പറഞ്ഞുതന്നാട്ടെ എന്നു പരിഹസിക്കുകയാണവർ. മറുപടിയായി പറയുന്നു: റൂഹ് എന്റെ നാഥന്റെ അധീനത്തിലുള്ളതും അവന്റെ കൽപ്പനയാൽ ഉളവാകുന്നതുമായ പ്രതിഭാസമാകുന്നു. ഇത്രയേ നിങ്ങളെ അറിയിക്കാനുള്ളൂ. ഈ പ്രപഞ്ചത്തിന്റെയും അതിന്റെ സ്രഷ്ടാവിന്റെയും സകല രഹസ്യങ്ങളും നിങ്ങൾ, ഭൗതിക മനുഷ്യർ അറിയേണ്ടതില്ല; അറിയാൻ നിങ്ങൾക്ക് കഴിയുകയുമില്ല.

ഉദ്ധൃത സൂക്തങ്ങളിലെ على من يشاء-അവൻ ഉദ്ദേശിക്കുന്നവരുടെമേൽ എന്ന വാക്യം അവരുടെ ചോദ്യത്തിൽ മറഞ്ഞിരിക്കുന്ന ഒരു സംശയത്തിനു കൂടിയുള്ള മറുപടിയാണ്. മുഹമ്മദിന്റെ വചനങ്ങൾ ദൈവം അയച്ച സന്ദേശം തന്നെയാണെങ്കിൽ, ദൈവമെന്തേ അതു മുഹമ്മദിനു മാത്രം അയക്കുന്നു, എന്തുകൊണ്ട് ഞങ്ങൾക്കൊന്നും അയക്കുന്നില്ല? ഇതാണ് സംശയം. മറുപടിയിതാണ്: ദൈവിക സന്ദേശത്തിന് പാത്രമാവുക എന്ന മഹത്വം തോന്നുന്നവർക്കൊക്കെ ലഭിക്കുന്ന

ഒന്നല്ല. അതിന് അര്‍ഹര്‍ ആരാണെന്ന് നിശ്ചയിക്കുന്നതും തെരഞ്ഞെടുക്കുന്നതും അല്ലാഹു തന്നെയാണ്.

ഈ സൂക്തങ്ങളിലെല്ലാം ഉപയോഗിച്ചിട്ടുള്ള أمر ന് രണ്ടര്‍ഥമുണ്ട്; കല്‍പ്പനയെന്നും കാര്യമെന്നും. രണ്ടും സാധാരണ ഉപയോഗത്തിലുള്ളതാണ്. കല്‍പ്പന എന്ന അര്‍ഥത്തിലെടുക്കുമ്പോള്‍ രണ്ടാശയമാകാം. ഒന്ന് അല്ലാഹുവിന്റെ ശാസനകളില്‍പെട്ട സന്ദേശം. രണ്ട് അവന്റെ കല്‍പ്പനപ്രകാരമാണ് ദിവ്യസന്ദേശം വരുന്നത്. കാര്യം എന്ന അര്‍ഥത്തിലെടുക്കുമ്പോള്‍, റൂഹ് അല്ലാഹുവിന്റെ മാത്രം നിയന്ത്രണത്തിലുള്ള പ്രതിഭാസമാകുന്നു, അവന്നു മാത്രമേ അതിന്റെ യാഥാര്‍ഥ്യം പൂര്‍ണമായി അറിയൂ; അറിയുവാന്‍ കഴിയൂ; മനുഷ്യന്റെ ജ്ഞാനശേഷി അതറിയാന്‍ മാത്രം വിശാലമല്ല എന്നാകുന്നു. 'റൂഹ്' ആത്മാവാണെന്നു വെച്ചാലും ഖുര്‍ആന്‍ നല്‍കുന്ന മറുപടി രണ്ടിനും സാധുവാകുന്നു.

പ്രകൃത സൂക്തത്തില്‍ പറയുന്ന റൂഹ് ജിബ്‌രീല്‍ എന്ന മലക്കാണെന്ന് ഇമാം ഖതാദ പറയുന്നു. ജിബ്‌രീല്‍ നബിയുടെ അടുത്തുവരുന്നതിനെയും പോകുന്നതിനെയും കുറിച്ചായിരുന്നു അവരുടെ ചോദ്യം. റൂഹ് മലക്കാണെന്നും മലക്കുകളെക്കുറിച്ച് പൊതുവിലായിരുന്നു ചോദ്യമെന്നും ഇമാം അലി (റ) പ്രസ്താവിച്ചതായും നിവേദനമുണ്ട്. റൂഹ് കൊണ്ടുദ്ദേശ്യം ഈസാ(അ)യാണെന്നും ചിലര്‍ അഭിപ്രായപ്പെട്ടിരിക്കുന്നു. 2:253 ല്‍ ഈസാ(അ)യെ റൂഹുല്‍ ഖുദ്‌സിനാല്‍ നാം ബലപ്പെടുത്തി- وَأَيَّدْنَٰهُ بِرُوحِ ٱلْقُدُسِ -എന്നു പറയുന്നുണ്ട്. അവിടെ ഉദ്ദേശിച്ചിട്ടുള്ളത് ജിബ്‌രീല്‍ എന്ന മലക്കിനെയാണെന്ന് പൊതുവില്‍ അംഗീകരിക്കപ്പെട്ടതാണ്. റൂഹിനെക്കുറിച്ച് വ്യത്യസ്തമായ അഭിപ്രായങ്ങള്‍ വേറെയുമുണ്ട്. ആദ്യം വിശദീകരിച്ച രണ്ട് വ്യാഖ്യാനങ്ങളാണ് കൂടുതല്‍ പ്രബലവും പ്രാമാണികവും. ആധുനിക ഖുര്‍ആന്‍ വ്യാഖ്യാതാക്കളില്‍ ശഹീദ് സയ്യിദ് ഖുത്വ്ബ് അതില്‍ ഒന്നാമത്തെ വ്യാഖ്യാനത്തെയും സയ്യിദ് അബുല്‍ അഅ്‌ലാ മൗദൂദി രണ്ടാമത്തെ വ്യാഖ്യാനത്തെയും ബലപ്പെടുത്തിയിരിക്കുന്നു. ഈസാ നബിയുടെ മാതാവ് മര്‍യമിനെ മലക്ക് മനുഷ്യരൂപം പൂണ്ട് സന്ദര്‍ശിച്ചതിനെക്കുറിച്ച് സൂറഃ മര്‍യമില്‍ فَتَمَثَّلَ لَهَا بَشَرًا سَوِيًّا എന്നു പറഞ്ഞിരിക്കുന്നു.

**86, 87.** ഈ സൂക്തങ്ങളുടെ പ്രത്യക്ഷ സംബോധിതന്‍ പ്രവാചകനാണെങ്കിലും നേരത്തെ സൂചിപ്പിച്ച ചോദ്യകര്‍ത്താക്കളെയാണ് ഉന്നംവെക്കുന്നത്. പറയുന്നതിതാണ്. ദിവ്യബോധനമുണ്ടാകുന്നതിന്റെ ഘടനയും സ്വഭാവവും പ്രവാചകാ, താങ്കള്‍ക്കു തന്നെ വളരെ സങ്കീര്‍ണമായ കാര്യമാണ്. താങ്കളുടെ തെരഞ്ഞെടുപ്പിനോ ഉദ്ദേശ്യത്തിനോ അഭിലാഷത്തിനോ അതില്‍ യാതൊരു സ്വാധീനവുമില്ലല്ലോ. താങ്കളുടെ ഇഛാനുസാരം അതുളവാകുകയോ ഉളവാകുന്നത് തടയുകയോ അസാധ്യമാകുന്നു. നമുക്ക് വേണമെങ്കില്‍ ദിവ്യബോധനധാര നിര്‍ത്തലാക്കുകയും ഇതുവരെ അയച്ച ജ്ഞാനങ്ങള്‍ താങ്കളില്‍ നിന്ന് എടുത്തുകളയുകയും ചെയ്യാവുന്നതേയുള്ളൂ. നാം അങ്ങനെ ചെയ്യുകയാണെങ്കില്‍, നാം പിന്‍വലിച്ച ആ ജ്ഞാനധാര തിരിച്ചുതരാന്‍ കഴിവുള്ള ആരെയാണ് താങ്കള്‍ക്ക് കണ്ടെത്താന്‍ കഴിയുക?! ഈ ജ്ഞാന ബോധനം നമ്മുടെ മാത്രം കഴിവിലും കൈകാര്യത്തിലുംപെട്ടതാണ്. അതില്‍നിന്ന് താങ്കള്‍ക്ക് ലഭിച്ചിട്ടുള്ളതെന്തും നമ്മുടെ കൃപകൊണ്ട് മാത്രം ലഭിച്ചിട്ടുള്ളതാണ്. താങ്കളുടെ കഴിവുകൊണ്ടോ പ്രയത്നം കൊണ്ടോ ലഭിച്ചതല്ല. താങ്കളോട് നാം ചെയ്ത ഔദാര്യം വാസ്തവത്തില്‍ അതിമഹത്തരവും വിപുലവും തന്നെയാകുന്നു.

**88.** തനിക്കു ലഭിച്ച ദിവ്യസന്ദേശം എന്നപേരില്‍ മുഹമ്മദ് ഓതുന്ന വചനങ്ങള്‍ അയാള്‍ തന്നെ കെട്ടിച്ചമച്ചതാണ്, വേണമെങ്കില്‍ നമുക്കും കഴിയും ഇതുപോലുള്ള വചനങ്ങള്‍ രചിക്കാന്‍ എന്ന അവിശ്വാസികളുടെ വാദത്തിനുള്ള മറുപടിയാണിത്. ദിവ്യസന്ദേശം ആഗമിക്കുന്നതും ആ ജ്ഞാനം പ്രവാചകനില്‍ വസിക്കുന്നതും അല്ലാഹുവിന്റെ അനുഗ്രഹം കൊണ്ടും ഔദാര്യം കൊണ്ടുമാത്രമാണെന്നും അത് അദ്ദേഹത്തിന്റെ പ്രതിഭ കൊണ്ടോ പ്രയത്നം കൊണ്ടോ അല്ലെന്നും വ്യക്തമാക്കിയതിനെ തുടര്‍ന്നുപറയുകയാണ്. ഈ ഖുര്‍ആന്‍, അതു നിങ്ങള്‍ക്ക് ഓതിത്തരുന്ന പ്രവാചകന്റെ പോലും കഴിവിന്നതീതമായതാണ് എന്നിരിക്കെ നിങ്ങളില്‍ ഏതെങ്കിലും വ്യക്തിക്കോ ഗ്രൂപ്പിനോ പോകട്ടെ, മനുഷ്യവര്‍ഗവും ജിന്നുവര്‍ഗവും ഒരുമിച്ചുകൂടി പരസ്പരം സഹായിച്ചുകൊണ്ട് ശ്രമിച്ചാലും അതുപോലൊന്ന് രചിക്കാന്‍ കഴിയില്ല. ഖുര്‍ആന്റെ ഈ വെല്ലുവിളി നേരത്തെ 2:23, 24, 10:38, 11:13 സൂക്തങ്ങളിലും വന്നിട്ടുണ്ട്. കൂടുതല്‍ വിശദീകരണം ഖുര്‍ആന്‍ ബോധനം പ്രസ്തുത സൂക്തങ്ങള്‍ക്കു താഴെ കാണുക. ■